● കവർസ്റ്റോറി

# വിശുദ്ധ മണ്ണിൽ പോരാളികളുടെ പുതുവിളംബരം

● എം.സി.എ നാസർ

വിശുദ്ധ ഭൂമി മറ്റൊരു ഐക്യചരിത്രത്തിനു കൂടി സാക്ഷിയായി. പരസ്പരം പോരടിച്ചുനിന്ന ഹമാസിന്റെയും ഫതഹിന്റെയും നേതാക്കൾ വേദനിപ്പിക്കുന്ന അധ്യായം മറന്ന് സ്നേഹത്തിന്റെ പാശം ഊട്ടിയുറപ്പിക്കുന്ന പുതിയ കരാറിൽ ഫെബ്രുവരി എട്ടിന് കൈയൊപ്പ് ചാർത്തി. ശത്രുവിന്റെ കുതന്ത്രങ്ങൾക്കു മുമ്പിൽ അടിയറവു പറയാൻ ഒരുക്കമല്ലെന്ന നിശ്ശബ്ദ സാക്ഷ്യം കൂടി ഈ കൂട്ടായ്മ കരാറിൽ തെളിഞ്ഞുനിന്നു.

ഐക്യസർക്കാർ രൂപവത്കരണ തീരുമാനമാണ് മക്കാ കരാറിൽ പ്രാമുഖ്യം നേടിയത്. നിലപാടുകളുടെയും താൽപര്യങ്ങളുടെയും പേരിൽ സ്വന്തം തുരുത്തുകളിലേക്ക് ഉൾവലിയുമ്പോൾ തന്നെ ദൈവത്തോടും സ്വജനതയോടുമുള്ള ബാധ്യത മറക്കാൻ കഴിയില്ലെന്ന് ഫലസ്തീൻ നേതാക്കൾ തിരിച്ചറിയുകയായിരുന്നു. സുഊദി ഭരണാധികാരി അബ്ദുല്ല രാജാവ് മക്കയിലേക്ക് ചർച്ചക്കു വിളിച്ചപ്പോൾ തന്നെ അതിനുത്തരം നൽകാൻ ഇരു ഫലസ്തീൻ വിഭാഗങ്ങൾക്കും അധികം ആലോചിക്കേണ്ടിവന്നില്ല. കരാർ രൂപപ്പെടുത്താതെ മക്കയിൽനിന്ന് മടങ്ങില്ലെന്ന് ഫലസ്തീൻ നേതൃത്വം ശപഥം ചെയ്തിരുന്നു. ഫലസ്തീൻ ജനതയെയും ലോകത്തെയും നേതാക്കൾ നിരാശരാക്കിയില്ല. മഹിത ലക്ഷ്യത്തിനു വേണ്ടിയുള്ള ഏതൊരു ത്യാഗവും പോരാളി സമൂഹങ്ങളുടെ അഭിമാനം അധികരിപ്പിക്കുകയേയുള്ളൂവെന്ന് ഭരണത്തിൽ കൂട്ടുപങ്കാളിത്തം അനുവദിച്ച ഹമാസ് ഒരിക്കൽകൂടി തെളിയിച്ചു.

ഫലസ്തീൻ പ്രസിഡന്റ് മഹ്മൂദ് അബ്ബാസും ഹമാസ് നേതാവ് ഖാലിസ് മിശ്അലും ഒപ്പുവെച്ച ഐതിഹാസിക കരാറിൽ ജയിച്ചതാരെന്ന വിലയിരുത്തൽ പ്രസക്തമല്ല. കരാറിൽ പറഞ്ഞതുപ്രകാരം ഐക്യസർക്കാർ മന്ത്രിസഭ രൂപവത്കരിക്കാൻ പ്രധാനമന്ത്രി ഇസ്മാഈൽ ഹനിയ്യ ഉടൻ തന്നെ രാജി സമർപ്പിച്ചു. സർക്കാർ രൂപവത്കരണത്തിന് മഹ്മൂദ് അബ്ബാസ് 5 ആഴ്ചയാണ് സാവകാശം നൽകിയത്. ഹനിയ്യ തന്നെയാകും ഐക്യസർക്കാറിനെ നയിക്കുക. മന്ത്രിസഭയിൽ 9 സീറ്റുകൾ ഹമാസിനും ആറെണ്ണം ഫതഹിനും നൽകാനാണ് ധാരണ. ധനകാര്യം, വിദേശകാര്യം, ആഭ്യന്തരം എന്നീ സുപ്രധാന വകുപ്പുകളിൽ ഇരു കൂട്ടർക്കും സ്വീകാര്യതയുള്ള സ്വതന്ത്രരെ നിയോഗിക്കും. ഇസ്രയേലിനെ അംഗീകരിക്കുന്നതുൾപ്പെടെയുള്ള മുന്നുപാധികളൊന്നും കരാറിൽ ഇല്ല. മറിച്ച് ഇസ്രയേൽ-ഫലസ്തീൻ കരാറുകൾ മാനിക്കുമെന്ന കേവല പരാമർശം മാത്രമാണുള്ളത്. പരസ്പര ധാരണയുടെ പുറത്ത് എല്ലാവരുടെ പരിമിതികളും അംഗീകരിച്ചുകൊണ്ടുള്ള കരാർപ്രഖ്യാപനമായിരുന്നു മക്കയിൽ നടന്നത്. അടിച്ചേൽപിക്കലിന്റെ സ്വരം ഇവിടെ കണ്ടില്ല. കരാറിന്റെ വിശുദ്ധി എന്തുവില കൊടുത്തും കാത്തുസൂക്ഷിക്കുമെന്ന് നേതാക്കൾ ആവർത്തിച്ചുറപ്പിച്ചു.

വിശുദ്ധ മന്ദിരത്തിന്റെ പശ്ചാത്തലത്തിൽ ഉംറ വേഷത്തിൽ അണിനിരന്ന ഫലസ്തീൻ നേതാക്കളുടെ ശരീരഭാഷയിലും കണ്ടു ഐക്യത്തിന്റെ പുതുചൈതന്യം. മറക്കാനും പൊറുക്കാനും മാത്രമല്ല സ്വന്തം ജനതയുടെ മുന്നേറ്റത്തിന് സഹായകമായ നിലപാട് സ്വീകരിക്കാനുമുള്ള പ്രതിജ്ഞ പുതുക്കിയാണ് അവർ വിശുദ്ധ നഗരം വിട്ടത്.

പിന്നിട്ട അഞ്ചര പതിറ്റാണ്ടുകൾക്കിടയിൽ ഫലസ്തീന്റെ പേരിൽ എത്രയെത്ര ഉച്ചകോടികൾ! അമേരിക്കയുടെയും യൂറോപ്യൻ യൂനിയന്റെയും മാരത്തോൺ ചർച്ചകളും നിരവധി നാം കണ്ടു. അവിടെയൊന്നും കാണാത്തവിധം ആത്മബന്ധവും പ്രത്യാശയും നിറഞ്ഞ തുടിപ്പുകളായിരുന്നു മക്കയിൽ ഒത്തുചേർന്ന ഫലസ്തീൻ നേതാക്കളുടെ മുഖങ്ങളിൽ നിഴലിട്ടത്. ഗോത്രങ്ങളെയും ജനപദങ്ങളെയും ഒരുമിപ്പിച്ചു നിർത്തുന്ന അടിസ്ഥാന ധാര ഇപ്പോഴും ഇസ്‌ലാം മാത്രമാണെന്ന് മക്കയിലെ ഒത്തുചേരലിൽ തെളിയുകയായിരുന്നു. കാലിക യാഥാർഥ്യങ്ങൾ ഉൾക്കൊള്ളാനുള്ള വിശാലതയാണ് കരാർ ഒപ്പിട്ട ശേഷം ഹമാസ് നേതാവ് ഖാലിദ് മിശ്അലിന്റെ വാക്കുകളിൽ പ്രകടമായത്: 'അന്താരാഷ്ട്ര നിയമങ്ങളെ മാനിക്കൽ-ഇതൊരു പുതിയ ഭാഷയാണ്. കാരണം ദേശീയമായ ഒരാവശ്യകതയാണിത്. ഞങ്ങളത് തിരിച്ചറിയുന്നു. ഇപ്പോഴത്തെ സമയത്തിനു ചേർന്ന ഭാഷ നാം ഉപയോഗിക്കേണ്ടിവരും.'

ഐക്യസർക്കാർ തീരുമാനം ഉൾപ്പെടെ മക്കാ കരാർ പ്രഖ്യാപനം തെരുവിൽ ആഹ്ലാദം പ്രകടിപ്പിച്ചാണ് ഫലസ്തീൻ ജനത എതിരേറ്റത്. യഥാർഥ ശത്രുവിനെ മറന്ന് പരസ്പരം ഏറ്റുമുട്ടി എത്രയോ ജീവൻ ഹോമിച്ചതിന്റെ സങ്കടവും നിരാശയും ഫതഹിനെയും ഹമാസിനെയും അപ്പോൾ വേട്ടയാടിയിരിക്കണം. പോരാട്ടം വഴിമാറിയതിന്റെ ആത്മനിന്ദയാണ് കഴിഞ്ഞ മാസം ഫലസ്തീൻ ജനത കരഞ്ഞുതീർത്തത്.

ഫലസ്തീന്റെ കാര്യത്തിലെന്ന പോലെ ഇറാഖിൽ വംശീയ ഐക്യം ഉറപ്പാക്കാനും പുണ്യഭൂമി തന്നെയാണ് വേദിയായത്. സുഊദി നേതൃത്വത്തിനും ഇതിൽ അഭിമാനിക്കാം. മേഖലയുടെ രാഷ്ട്രീയത്തിൽ കുറേക്കൂടി അർഥപൂർണമായ ഇടപെടലിന്റെ സ്വരം സുഊദി നടപടികളിൽ കണ്ടുതുടങ്ങിയത് ശ്രദ്ധേയമാണ്. ഇതിന് കുറേക്കൂടി മൂർത്തത നൽകാൻ കഴിഞ്ഞാൽ പശ്ചിമേഷ്യയിൽ അധിനിവേശത്തിന്റെ അഹന്തക്ക് തന്നെ തടയിടാനായേക്കും.

### വേട്ടക്കാർ പിന്നെയും ഐക്യപ്പെടുന്നു

മക്കാ കരാറിന് ലോകസമൂഹത്തിന്റെ മുഴുവൻ പിന്തുണയും ലഭിക്കുമെന്നായിരുന്നു പ്രതീക്ഷ. യു.എൻ സെക്രട്ടറി ജനറൽ ബാൻ കി മൂൺ ശരിക്കും ആവേശം കൊണ്ടു. അക്രമം അവസാനിപ്പിക്കാനും ഫലസ്തീൻ ജനതക്ക് മികച്ച ഭാവി ഉറപ്പാക്കാനും മക്കാ കരാർ വഴിയൊരുക്കുമെന്നായിരുന്നു അദ്ദേഹത്തിന്റെ പ്രതികരണം.

ഐക്യ സർക്കാർ എന്നത് ഇപ്പോഴത്തെ സാഹചര്യത്തിൽ ലഭിക്കാവുന്ന ഏറ്റവും സ്വീകാര്യമായ ബദലാണെന്ന് ലോകം തിരിച്ചറിയുമെന്നായിരുന്നു കണക്കുകൂട്ടൽ. അമേരിക്കയും യു.എന്നും യൂറോപ്യൻ യൂനിയനും ചേർന്ന പശ്ചിമേഷ്യൻ കാർട്ട്ലെറ്റിന്റെ കരാറിനോടുള്ള

പ്രതികരണമായിരുന്നു എല്ലാവരും ഉറ്റുനോക്കിയത്. ആരംഭത്തിൽ പ്രതികരണം ആശാവഹമായിരുന്നു. പൊരുതുന്ന മനുഷ്യർ ഐക്യപ്പെടുകയും മതാത്മക മുദ്ര നിറഞ്ഞ ഹമാസ് ഭരണത്തിലേക്ക് ലിബറൽ ഘടകങ്ങൾക്ക് പങ്കാളിത്തം ലഭിക്കുകയും ചെയ്യുന്നത് പടിഞ്ഞാറിനെ ആഹ്ലാദിപ്പിക്കുമെന്ന് കരുതിയവർ നിരവധി. എന്നാൽ ഇക്കുറിയും അജണ്ട നിർണയിച്ചത് ഇസ്രയേൽ തന്നെയായിരുന്നു. യു.എസ് സ്റ്റേറ്റ് സെക്രട്ടറി കോണ്ടലീസാ റൈസ് ഇസ്രയേൽ പര്യടനം നടത്തും മുമ്പെ ഒൽമെർട്ട്-ബുഷ് ടെലിഫോൺ സംഭാഷണം നടന്നുകഴിഞ്ഞിരുന്നു. മക്കാ കരാറിന് പിറക്കും മുമ്പെ ചരമക്കുറിപ്പെഴുതാനായിരുന്നു ഇരുവരുടെയും രഹസ്യതീരുമാനം. ഇസ്രയേലിന്റെ അസ്തിത്വം അംഗീകരിക്കാൻ വിസമ്മതിക്കുന്ന ഹമാസ് പങ്കാളിത്തമുള്ള ഭരണകൂടത്തെ പിന്തുണക്കില്ലെന്ന് ബുഷ് ഉറപ്പു നൽകിയതായി ഒൽമെർട്ട് വെളിപ്പെടുത്തി. ഫലസ്ത്വീൻ ജനത പോരാട്ടങ്ങളൊക്കെ അവസാനിപ്പിച്ച് 'അച്ചടക്കപൂർണമായ' ജീവിതം നയിക്കുന്നതുവരെ ലോകത്തിന്റെ അംഗീകാരം ലഭിക്കാനോ അതിലൂടെ ഫലസ്ത്വീന് അർഹതപ്പെട്ട ഫണ്ടുകൾ അനുവദിച്ചു കിട്ടാനോ പോകുന്നില്ലെന്ന അഹന്ത നിറഞ്ഞ സന്ദേശമായിരുന്നു ഇസ്രയേൽ നേതൃത്വം നൽകിയത്.

ബ്രിട്ടീഷ് പ്രധാനമന്ത്രി ടോണി ബ്ലെയർ മഹ്മൂദ് അബ്ബാസിനെ ഡിസംബറിൽ പരസ്യമായി അഭിനന്ദിച്ചത് മറക്കാറായിട്ടില്ല. ഫതഹിന് 13 ദശലക്ഷം പൗണ്ടും അദ്ദേഹം വാഗ്ദാനം ചെയ്തിരുന്നു. ഹമാസ് ഫലസ്ത്വീൻ ഭരണത്തിലെത്തിയതോടെ മരവിപ്പിച്ച 700 ദശലക്ഷം ഡോളർ ഫണ്ട് ഫതഹ് ഫലസ്ത്വീനിൽ അധികാരമേറ്റാൽ കൈമാറുമെന്ന് ഒൽമെർട്ടും പ്രഖ്യാപിച്ചതാണ്. ഫതഹ് നേതാക്കൾ അധികാരമില്ലാതെ പുറത്തുനിൽക്കുന്നത് പടിഞ്ഞാറിനും ഇസ്രയേലിനും ഒട്ടും സഹിക്കാൻ കഴിയുന്നില്ല.

അങ്ങനെ പ്രലോഭനങ്ങളുടെ ധാരാളിത്തമായിരുന്നു ഫതഹ് നേരിട്ടത്. മില്യൻ ഡോളർ ചെലവിട്ട് ഫതഹ് സൈനികർക്ക് മികച്ച പരിശീലനം നൽകാനുള്ള പദ്ധതികളും തയാറായി. പ്രതികൂല സാഹചര്യം മറികടക്കാൻ രാഷ്ട്രീയ മാറ്റം അനിവാര്യമാണെന്ന പ്രചാരണമായിരുന്നു പിന്നിട്ട ഒരു വർഷമായി നടന്നുവന്നത്. തങ്ങളുടെ നിയന്ത്രണത്തിലുള്ള മാധ്യമങ്ങളിലൂടെ ഫലസ്ത്വീൻ ജനതയെ തെറ്റിദ്ധരിപ്പിക്കാനും ശ്രമം നടന്നു. ഹമാസിനെ എന്തുവില കൊടുത്തും ജനമനസ്സിൽനിന്ന് അകറ്റുകയായിരുന്നു ലക്ഷ്യം. ഫലസ്ത്വീൻ പോളിംഗ് സംഘടന ഇതിനായി സർവേ റിപ്പോർട്ടും പുറത്തിറക്കി. ഇതുപ്രകാരം വെസ്റ്റ് ബാങ്കിലും ഗസ്സയിലും 54 ശതമാനം ജനങ്ങൾ ഹമാസ് ഭരണത്തെ എതിർക്കുന്നുവെന്ന പ്രചാരണമുണ്ടായി. സാമ്പത്തികരംഗത്താകട്ടെ, എതിർപ്പ് 69 ശതമാനമാണെന്നും ഇവർ ഗണിച്ചു.

ഐക്യസർക്കാറിനു വേണ്ടി നേരത്തേ മഹ്മൂദ് അബ്ബാസ് തന്നെ മുൻകൈയെടുത്തിരുന്നു. അറബ് ലീഗ് സമാധാന പദ്ധതിയും ഊന്നിയത് ഐക്യസർക്കാറിൽ തന്നെ. ഇസ്മാഈൽ ഹനിയ്യ ഇതിനെ പിന്തുണക്കാൻ മടിച്ചതുമില്ല. എന്നാൽ അന്ന് ബുഷാണ് ഈ നിർദേശത്തെ വീറ്റോ ചെയ്തത്. അതു നടന്ന് കൃത്യം മൂന്നാഴ്ച കഴിഞ്ഞപ്പോൾ ബുഷിന്റെ പശ്ചിമേഷ്യൻ ദൂതൻ ലഫ്. ജനറൽ കെയ്ത് ഡേട്ടൻ രംഗപ്രവേശം ചെയ്തു. ഫതഹ് സൈനികരെ ആയുധമണിയിക്കലും പരിശീലിപ്പിക്കലുമായിരുന്നു ഡേട്ടൻ മുന്നോട്ടുവെച്ച പദ്ധതി രൂപരേഖ. ഇസ്രയേൽ പത്രമായ *ഹാരെറ്റ്സ്* എഴുതി: "ഹമാസ് സർക്കാറിന് ഏർപ്പെടുത്തിയ ഉപരോധം തീർച്ചയായും ഫലസ്ത്വീൻ വിഭാഗങ്ങൾക്കിടയിൽ ചേരിതിരിഞ്ഞുള്ള സംഘട്ടനങ്ങൾക്ക് വഴിയൊരുക്കും. അത്തരമൊരു അവസ്ഥയിൽ 'നല്ല പിള്ളേരെ' (good guys) ശക്തിപ്പെടുത്താൻ നമ്മുടെ ഭരണസംവിധാനം തീരുമാനിക്കും."

ഫലസ്ത്വീനിലെ ആഭ്യന്തര ഏറ്റുമുട്ടലിന്റെ പശ്ചാത്തലം എന്തെന്ന് ഇതിൽ തെളിയുന്നുണ്ട്. ഫതഹ് സൈനികർക്കായി ഇസ്രയേലിൽനിന്ന് കപ്പൽ നിറയെ അയച്ച ആയുധങ്ങൾ ഹമാസിന്റെ ആഭ്യന്തര മന്ത്രാലയ സൈന്യം ഗസ്സയിൽ കണ്ടെത്തിയത് ഗൂഢാലോചനയുടെ ആഴം വെളിപ്പെടുത്തി. ഹമാസ് എക്സിക്യൂട്ടീവ് ഫോഴ്സിന്റെ രണ്ടംഗങ്ങൾ ജനുവരി 25-ന് ജബാലിയയിൽ റോഡരികിലെ ബോംബ് സഫോടനത്തിൽ കൊല്ലപ്പെട്ടതോടെ ഫതഹ്-ഹമാസ് ഏറ്റുമുട്ടൽ തീവ്രത പ്രാപിക്കുകയായിരുന്നു. ഇതിന്റെ പ്രതിഫലമായിട്ടാകാം ഹമാസിന്റെ സൈനിക രഹസ്യങ്ങൾ വരെ ഫതഹ് വിഭാഗം ശത്രുവിന് ചോർത്തിക്കൊടുത്തത്. കൃത്യമായ വിവരത്തിന്റെ അടിസ്ഥാനത്തിൽ ജൂതസൈന്യം നിരവധി ഹമാസ് പ്രവർത്തകരെ കൊന്നൊടുക്കി. സുരക്ഷാ ഭീഷണി സൃഷ്ടിക്കാനും അരാജകത്വം വളർത്താനും ബോധപൂർവം ശ്രമം നടന്നു. ഈ സമയത്തൊക്കെയും തെരഞ്ഞെടുക്കപ്പെട്ട ഹമാസ് സർക്കാറിനെ അട്ടിമറിക്കാനായിരുന്നു അമേരിക്കക്കൊപ്പം ചേർന്നുള്ള ഫതഹ് പ്ലാനെന്നത് ഇന്നത്തെ ഐക്യാഹ്ലാദത്തിനിടയിലും മറക്കാവുന്നതല്ല.

## മക്കാ കരാറും ഫലസ്ത്വീൻ ജനതയുടെ ഭാവിയും

ലഭിക്കാവുന്നതിൽ ഏറ്റവും മികച്ച ബദലെന്ന് ഐക്യസർക്കാറിനെ കുറിച്ച് മഹ്മൂദ് അബ്ബാസ് യു.എസ് സ്റ്റേറ്റ് സെക്രട്ടറി കോണ്ടലീസാ റൈസിനോട് യാചിച്ചുനോക്കി. എന്നിട്ടും പക്ഷേ, റൈസിന്റെ മനസ്സലിഞ്ഞില്ല. ഫെബ്രുവരി 19-ന് നടന്ന റൈസ്-അബ്ബാസ്-ഒൽമെർട്ട് ചർച്ച വെറും ഫോട്ടോ ക്ലിക്കിലൊതുങ്ങി. മറ്റൊരു ഒത്തുചേരൽ നടത്താമെന്നു പറഞ്ഞ് ജറൂസലമിൽനിന്ന് റൈസ് അമ്മാനിലേക്കാണ് പറന്നത്. പശ്ചിമേഷ്യൻ സമാധാനത്തിനു വേണ്ടി അറബ് രാജ്യങ്ങൾ സഹകരിക്കണമെന്നായിരുന്നു അമ്മാനിൽ അവരുടെ അഭ്യർഥന. ഗൾഫ് സുരക്ഷാ മേധാവികളുമായും കാര്യങ്ങൾ ചർച്ച ചെയ്യുമെന്ന വിളംബരവും ഉണ്ടായി.

2006 ജനുവരിയിൽ നടന്ന ഹമാസ് അനുകൂല വിധിയെഴുത്ത് ഫലസ്ത്വീൻ ജനത മറക്കണമെന്നും തങ്ങൾ ആഗ്രഹിക്കുന്നവരുടെ പാവ സർക്കാർ അധികാരത്തിൽ വരണമെന്നുമാണ് യാങ്കി-ഇസ്രയേൽ-യൂറോപ്യൻ യൂനിയൻ കൂട്ടുകെട്ട് ആഗ്രഹിക്കുന്നത്. അല്ലാത്തപക്ഷം പട്ടിണിയും ദുരിതവും പകരം നൽകി പീഡനപർവത്തിലൂടെ വഴിമാറ്റത്തിന് നിർബന്ധിക്കുമെന്നും അവർ മുന്നറിയിപ്പ് നൽകുന്നു. ഇസ്രയേലിന്റെ നയതന്ത്ര ഭീഷണിയെ പിന്തുണക്കുകയാണ് മറ്റുള്ളവർ. ഇസ്രയേൽ വിദേശകാര്യ മന്ത്രി ഒട്ടുമിക്ക യൂറോപ്യൻ രാജ്യങ്ങളിലെ നേതാക്കളുമായും സമ്പർക്കം പുലർത്തി തങ്ങളുടെ അജണ്ടയിലേക്ക് അവരെ കൊണ്ടുവരികയായിരുന്നു. മൂന്നിന ഉപാധികളാണ് ഇസ്രയേൽ മുന്നോട്ടു വെച്ചത്: ഒന്ന്, ഇസ്രയേലിനെ അംഗീകരിക്കുക. രണ്ട്, മുഴുവൻ അക്രമപ്രവർത്തനങ്ങളും അവസാനിപ്പിക്കുക. മൂന്ന്, ഓസ്ലോ ഉൾപ്പെടെ ഏകപക്ഷീയമായി ചുട്ടെടുത്ത മുഴുവൻ പൂർവ കരാറുകളും അംഗീകരിക്കുക.

ഇസ്രയേലിന്റെ സ്വരം അപ്പടി അമേരിക്കയും ചില യൂറോപ്യൻ രാജ്യങ്ങളും ഏറ്റെടുക്കുന്നതാണ് കണ്ടത്. ഇരകളുടെ നേർത്ത അവകാശസ്വരം പോലും ഇവരുടെ പ്രതികരണങ്ങളിൽ പ്രതിഫലിക്കുകയുണ്ടായില്ല. അന്തരിച്ച യാസിർ അറഫാത്തിനു പോലും ഉൾക്കൊള്ളാൻ കഴിയാതിരുന്ന ഉപാധികളാണ് ജനതയുടെ പോരാട്ടവീര്യവും അഭിമാനവും നെഞ്ചേറ്റുന്ന ഹമാസ് അംഗീകരിക്കണമെന്നിവർ ശഠിക്കുന്നത്! മഹ്മൂദ് അബ്ബാസിനെ പോലും 'ദുർബലൻ', 'നിഷ്ക്രിയൻ' എന്നൊക്കെയാണ് പരസ്യമായി ജൂതനേതൃത്വം വിളിച്ചപഹസിക്കുന്നത്.

ചുരുക്കത്തിൽ, ഫലസ്ത്വീൻ ജനതക്കുമേൽ കൂട്ടപ്പിഴ തുടരണമെന്നു തന്നെയാണ് ഇസ്രയേൽ അഭിലഷിക്കുന്നത്. ജനുവരിയിൽ പ്രകടിപ്പിച്ച ജനായത്ത വിധിയുടെ തുടർശിക്ഷ. ഫണ്ട്നിഷേധത്തെ തുടർന്നുള്ള ദുരിതം ഫലസ്ത്വീൻ

ഇനിയും അനുഭവിക്കേണ്ടിവരും. വെസ്റ്റ് ബാങ്കിലും അധിനിവിഷ്ട ജറൂസലമിലും അതിർത്തി കേന്ദ്രീകരണ പദ്ധതികൾ ഉറപ്പാക്കാനും ജൂതരാജ്യം ശ്രമിച്ചുകൊണ്ടിരിക്കുന്നു. 'ഇസ്രയേലിന്റെ സുരക്ഷ' എന്ന ലേബലിൽ മതിൽ നിർമാണം ഉൾപ്പെടെ ഫലസ്ത്വീൻ അവകാശനിഷേധത്തിനു മേൽ മറയിടാനും എളുപ്പം. കോണ്ടലീസയുടെ സാന്നിധ്യത്തിൽ നടന്ന നേതൃചർച്ചയോ ബെർലിനിൽ ചേർന്ന കാർട്ടെറ്റ് മന്ത്രിമാരുടെ സമ്മേളനമോ കൃത്യമായ തീരുമാനം മുന്നോട്ടുവെക്കുന്നതിൽ പരാജയപ്പെടുകയായിരുന്നു. സുഊദി അറേബ്യ മുൻകൈയെടുത്ത് രൂപപ്പെടുത്തിയ കരാറായതുകൊണ്ട് അമേരിക്കക്ക് പരസ്യമായി ഇതിനെ നിന്ദിക്കാൻ ബുദ്ധിമുട്ടുണ്ട്. കാരണം അറബ് രാജ്യങ്ങളുടെ മുഴുവൻ പിന്തുണയും കരാറിനുണ്ട് എന്നതുതന്നെ. കരാറിന്റെ വിശുദ്ധിയോട് ആഭിമുഖ്യം പുലർത്താൻ വിസമ്മതിക്കുന്ന യു.എസ് നിലപാട് പക്ഷേ കടുത്ത എതിർപ്പിനിടയാക്കും. കരാറിനെ നിന്ദിക്കാനുള്ള യാങ്കി-യൂറോപ്യൻ നീക്കം പശ്ചിമേഷ്യയിൽ ആപത്കരമായ അവസ്ഥക്കാവും വഴിയൊരുക്കുക. മേഖലയിൽ സുഊദിയുടെ പക്വമായ ഇടപെടൽ പരാജയപ്പെടുന്നത് ഫലത്തിൽ പടിഞ്ഞാറിന്റെ താൽപര്യങ്ങൾക്കും ഗുണകരമാവില്ലെന്നുറപ്പ്.

മക്കാ കരാർ ഹമാസിന് ദീർഘകാല നേട്ടങ്ങൾ പ്രദാനം ചെയ്യും. ഐക്യ സർക്കാറിന് സന്നദ്ധത അറിയിച്ചതോടെ സുരക്ഷാ സേനയുടെ പിന്തുണ ഊട്ടിയുറപ്പിക്കാൻ അവസരം ലഭിച്ചിരിക്കുകയാണ്. പി.എൽ.ഒ നേതൃത്വത്തെ നവീകരിക്കാനുള്ള സാഹചര്യവും പരോക്ഷമായാണെങ്കിലും വന്നുചേരും. ഐക്യകരാറിനെ തുരങ്കം വെക്കാൻ യൂറോപ്യൻ യൂനിയനും അമേരിക്കയും തീരുമാനിച്ചാൽ പടിഞ്ഞാറിന് എല്ലാ ഫലസ്ത്വീൻ ഗ്രൂപ്പുകളോടും വെറുപ്പാണെന്ന് ഫതഹിനെ ബോധ്യപ്പെടുത്താനും കഴിയും. ഇതൊക്കെയാണെങ്കിലും മക്കാ കരാർ ഫലസ്ത്വീൻ വിഭാഗങ്ങൾക്കിടയിൽ സ്ഥായിയായ ഐക്യം ഊട്ടിയുറപ്പിക്കുമെന്ന് കരുതാനാവില്ല. അക്രമത്തിന്റെ പാത ഉപേക്ഷിക്കാനും സഹകരണത്തിന്റെ മാർഗം കണ്ടെത്താനും സഹായിക്കും. ഇത് ചെറിയ നേട്ടമല്ല.

### പ്രതികൂലതകൾ, പക്ഷേ തളരാത്ത പോരാട്ടവീര്യം

അമേരിക്ക കാണുന്നത് ഇസ്രയേലിൻെറ മാത്രം താൽപര്യമാണ്. ഒരു ജനതയെ ജൂതഭരണകൂടവും അന്താരാഷ്ട്ര സമൂഹത്തിന്റെ നിസ്സംഗതയും ചേർന്ന് എങ്ങനെ കൊന്നൊടുക്കുന്നു എന്നു കാണാൻ ജിമ്മി കാർട്ടറുടെ പുതിയ പുസ്തകം - 'ഫലസ്ത്വീൻ: പീസ് നോട്ട് അപ്പാർത്തീഡ്' വായിക്കുന്നത് നന്ന്. അടിസ്ഥാന യാഥാർഥ്യങ്ങൾ മറച്ചുപിടിക്കുമ്പോഴും ആട്ടിയോടിക്കപ്പെട്ടവന്റെ വ്യഥകളിലേക്ക് പുസ്തകം വിരൽചൂണ്ടുന്നുണ്ട്: "A system of apartheid, with two peoples occupying the same land but completely separated from each other, with Israelis totally dominant and suppressing violence by depriving Palestinians of their basic human rights" -ആധുനിക സമൂഹത്തിൽ വർണവെറിയുടെ ജീവിക്കുന്ന ഇരകളായ ഫലസ്ത്വീൻ സമൂഹത്തിന്റെ നേർചിത്രമാണിത്. അധിനിവിഷ്ട പ്രദേശത്തിൽ നല്ലൊരു പങ്കും കൈക്കലാക്കിയ ജൂതരാഷ്ട്രം അവശേഷിച്ച സ്ഥലത്ത് മതിലുകളും ഫെൻസിംഗ് വയറുകളും ചെക്ക്പോയിന്റുകളും തീർത്ത് തടവുകാരാക്കി ഒരു ജനതയെ മാറ്റുന്ന ദുഃസ്ഥിതിയുടെ ലജ്ജാകരമായ ചിത്രം.

ഫലസ്ത്വീനിൽ മുസ്‌ലിംകളുടെ പവിത്രഗേഹം തകർക്കാനുള്ള നീക്കവും ഇതിന്റെ ഭാഗമായി വേണം കാണാൻ. മസ്ജിദുൽ അഖ്സ്വായുടെ നിലനിൽപ് അപകടത്തിലാക്കാൻ ബോധപൂർവമായ ശ്രമം ആരംഭിച്ചുകഴിഞ്ഞു. ഹറമിന്റെ പരിസരത്ത് ഉദ്ഖനനം നടത്തുകയെന്ന വ്യാജേന മഹിത ഗേഹത്തിന്റെ നിലനിൽപിനു തന്നെ ഭീഷണി ഉയർത്തുകയാണ് ഇസ്രയേൽ. ഫലസ്ത്വീൻ സമൂഹവും മുസ്‌ലിംലോകവും രംഗത്തുവന്നതിനാൽ പ്രവർത്തനങ്ങൾ മന്ദഗതിയിലായിട്ടുണ്ട്. ഫലസ്ത്വീൻ ജനതക്കും ഇസ്‌ലാമിക മുദ്രകൾക്കും നേരെയുള്ള കുരിശുയുദ്ധങ്ങൾ തുടരുമ്പോഴും ഒന്നുണ്ട്; ചേർന്നു നിൽക്കാൻ, എതിരിടൽവീര്യം കാത്തുസൂക്ഷിക്കാൻ ഏതോ ഒരു കനൽ ഉള്ളിൽ ഇപ്പോഴും കെടാതെ സൂക്ഷിക്കുന്നുണ്ട് പോരാളികൾ. ■